**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **10-10-2024 - ൽ മറുപടിയ്ക്ക്**

**1964-ലെ ഭൂപതിവ് ചട്ടപ്രകാരമുള്ള ഭൂമി പതിച്ചു നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 1964-ലെ ഭൂപതിവ് ചട്ടപ്രകാരം ഭൂമി പതിച്ചു നൽകുമ്പോൾ 01.08.1971 ന് ശേഷം ഭൂമി ലഭിച്ചവർക്ക് മുൻഗണനാക്രമം അനുസരിച്ച് വാർഷിക കുടുംബവരുമാനം ഒരുലക്ഷം രൂപയിൽ താഴെയായിരിക്കണം എന്നതിനാൽ നല്ലൊരു ശതമാനം അപേക്ഷകളും പരിഗണിക്കാൻ കഴിയാത്ത അവസ്ഥയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം ഭൂമി പതിച്ചു നൽകുമ്പോൾ 01.08.1971 ന് ശേഷം ഭൂമി ലഭിച്ചവർക്ക് മുൻഗണനാക്രമം അനുസരിച്ച് വാർഷിക കുടുംബവരുമാനം ഒരുലക്ഷം രൂപയിൽ താഴെയായിരിക്കണം എന്ന് വരുമാനപരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ പല അപേക്ഷകളിലും പതിവ് നടപടി സ്വീകരിക്കുവാൻ സാധിക്കുന്നില്ല. വീട് വച്ചു താമസിച്ചു വരുന്നവരിൽ പ്രൈവറ്റ് ജോലിയുള്ള ഒരാൾ ഉണ്ടെങ്കിൽ ഭൂമി പതിച്ചു നൽകുവാൻ പറ്റാത്ത സാഹചര്യമുള്ളതും, ഈ തരത്തിലുള്ള നിരവധി അപേക്ഷകൾ നിരസിക്കേണ്ട സാഹചര്യവും നിലവിലുണ്ട്. |
| (ബി) | 1964-ലെ ഭൂപതിവ് ചട്ടത്തിലെ മുൻഗണനാക്രമത്തിൽ ഒരു ലക്ഷം രൂപ എന്ന പരിധി ഉയർത്തുകയോ അല്ലെങ്കിൽ 01.08.1971ന് മുമ്പുള്ള കൈവശക്കാർക്ക് വരുമാനം നോക്കാതെ ഭൂമി പതിച്ചു നൽകുന്ന രീതിയോ എല്ലാ അപേക്ഷകർക്കും ബാധകമാക്കുമോ; വ്യക്തമാക്കാമോ? | (ബി) | നിലവിലുള്ള ഭൂപതിവ് ചട്ട പ്രകാരം 01.08.1971 – ന ശേഷമുള്ള കൈവശങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്. ഇത് വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ